# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 66/2020 (ചൊവ്വാഴ്ച)** **തീയ്യതി:03.11.2020**

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 04.11.2020 | 05.11.2020 | 06.11.2020 | 07.11.2020 | 08.11.2020 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 15 | 40 | 15 | 20 | 0 |
| ഉയർന്ന താപനില (°C) | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 92 | 92 | 92 | 92 | 92 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 57 | 57 | 57 | 57 | 57 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 2 | 4 | 2 | 8 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 270 | 140 | 90 | 90 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 7 |

ജില്ലയിൽ വരും ദിവസങ്ങളിൽ നേരിയ മഴ മുതൽ മിതമായ മഴ വരെ ഉണ്ടാകാൻ സാധ്യത. കൂടിയ താപനില 34 °C വരെയും കുറഞ്ഞ താപനില 24 °C വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: വരണ്ടതോ തെളിഞ്ഞതോ ആയ കാലാവസ്ഥയിൽ മാത്രമേ സ്പ്രേയിംഗ് നടത്താവു. കീടരോഗ നിയന്ത്രണത്തിന് മുൻകരുതലായി ജൈവ മാർഗ്ഗങ്ങൾ അവലംബിക്കുന്നതാണ് ഉചിതം.

### കാർഷിക നിർദ്ദേശങ്ങൾ

| വിള | രോഗ കീടങ്ങൾ/ വിളപരിപാലനം | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | തവിട്ടു പുള്ളിക്കുത്തു | നെൽപ്പാടങ്ങളിൽ തവിട്ടു പുള്ളിക്കുത്തു രോഗം കണ്ടുവരുന്നുണ്ട്. ഇത് നിയന്ത്രിക്കുന്നതിനായി മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ പ്രൊപിനെബ് 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| നെല്ല് | ബാക്റ്റീരിയൽ ഓലകരിച്ചിൽ | നെൽപ്പാടങ്ങളിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| തെങ്ങ് | കടചീയൽ | തെങ്ങിൽ വരാൻ സാധ്യതയുള്ള കടചീയൽ രോഗത്തിന് മുൻകരുതലായി 50 ഗ്രാം ട്രൈക്കോഡെർമ തെങ്ങൊന്നിന് എന്ന കണക്കിൽ ജൈവ വളവുമായി ചേർത്ത് ചുവട്ടിൽ ഇട്ടുകൊടുക്കുക. എന്നാൽ ചെന്നീരൊലിപ്പ് ശ്രദ്ധയിൽപ്പെട്ടാൽ നീരൊലിക്കുന്ന ഭാഗം ചെത്തി വൃത്തിയാക്കി ട്രൈക്കോഡെർമ കുഴമ്പു രൂപത്തിലാക്കി തേച്ചുകൊടുക്കുക. |
| പയർ, വെണ്ട | നടീൽ | രണ്ടാം വിളയായി നെൽകൃഷി ചെയ്യാത്ത പാടങ്ങളിലും മറ്റു കൃഷിയിടങ്ങളിലും പയർ, വെണ്ട എന്നിവ നടുന്നതിനു അനുയോജ്യമായ സമയമാണിത്. പയർ വിത്തുകൾ വെള്ളം അല്ലെങ്കിൽ തലേദിവസത്തെ കഞ്ഞിവെള്ളം ചേർത്ത് റൈസോബിയം കൾച്ചറുമായി കൂട്ടിയോചിപ്പിച്ചു വൃത്തിയുള്ള ചാക്കിൽ പരത്തി തണലത്തു ഉണക്കിയും വെണ്ടയുടെ വിത്തുകൾ സ്യൂഡോമോണാസ് ഉപയോഗിച്ച് പരിചരിച്ചതിനു ശേഷവും ഉടനെ പാടത്തേക്കു വിതയ്ക്കുക. |